ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള ഭരണാനുമതിയാണ് നൽകിയത്.

(ബി) ഇതിൽ കായംകുളം മണ്ഡലത്തിലെ കുളങ്ങൾ ഉൾപ്പെട്ടിട്ടില്ല.

കുളം നവീകരണ പദ്ധതി

121 (2330) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിക്കും മറ്റ് പൊതുആവശ്യങ്ങൾക്കും ഉപയോഗിക്കുന്നതിനായി ആരംഭിച്ച കുളംനവീകരണ പദ്ധതിയിൽ കോങ്ങാട് മണ്ഡലത്തിൽ എത്ര കുളങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകി എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു കുളത്തിനു പോലും നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടില്ലെങ്കിൽ നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആർ.ആർ.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട്നിയോജക മണ്ഡലത്തിൽ 6 കുളങ്ങളുടെ നവീകരണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 4 എണ്ണം പൂർത്തിയാക്കി. സ്ഥല തർക്കംമൂലം ബാക്കി 2 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ദേശീയ ജലപാതയുടെ നിർമ്മാണം

122 (2331) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly